## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 244 | 28.01.2014-ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും മലയാള ഭാഷ നിർബന്ധമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ<br>ശ്രീ. കെ.രാധാകൃഷ്ണൻ<br>പ്രൊഫ.സി.രവീന്ദ്ര നാഥ്<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) 01.09.2011-ലെ സ:ഉ(പി) നം.183/2011/പൊ.വി. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ട്. മലയാളം പാർട്ട് രണ്ട് പാഠാവലി കൂടുതൽ ഫലപ്രദമായി പഠിക്കുന്നതിന് ആഴ്ചയിൽ രണ്ടിനു പകരം മൂന്ന് പീരിയഡുകൾ നീക്കി വെച്ചിട്ടുണ്ട്. അതിനായി ചൊവ്വാഴ്ച ദിവസം ടൈംടേബിൾ 8 പീരിയഡായി പുന:ക്രമീകരിച്ച് ഒരു അധിക പീരിയഡ് കണ്ടെത്തിയിട്ടുണ്ട്. അന്നേദിവസം ഉച്ചവരെ 40 മിനിട്ടിന്റെ 4 പീരിയഡുകളും ഉച്ചയ്ക്കുശേഷം 35 മിനിട്ടിന്റെ 4 പീരിയഡുകളുമായി പഠന സമയം പുന:ക്രമീകരിച്ചിട്ടുണ്ട്. |

(..........2)

(ബി) മലയാളം പഠിപ്പിക്കാത്ത അൺ എയ്ഡഡ്- സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്ക്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) 01.09.2011-ലെ സ:ഉ(പി) നം.183/2011/പൊ.വി. പ്രകാരം എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഉത്തരവ് പാലിക്കുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്ക്കൂളുകൾ കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവ വിമുഖത കാണിച്ചതിന്റെയടി - സ്ഥാനത്തിൽ 10.05.2012 -ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി ഇത്തരം സ്ഥാപനങ്ങളുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും, മലയാള ഭാഷാപഠനവു മായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ 14.09.2012 -ലെ ബഹു: ഹൈക്കോടതി യുടെ ഡബ്ല്യൂ.പി(സി) നം.2435/2012 (ഡി) പ്രകാരം ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്ക്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സിലബസ് തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി ആകയാൽ ഇത്തരം സ്ഥാനങ്ങളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന് ഉത്തരവായിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം സ്ക്കൂളുകളിലെ മലയാളഭാഷാ പഠനത്തിന് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്.

(............3)

(സി) മലയാളം പഠിപ്പിക്കാത്ത സ്ക്കൂളുകളുടെ അംഗീകാരം റദ്ദാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ : ഇതിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

( സി) സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്ക്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങളിൽ Clause (vi) പ്രകാരം മലയാളം നിർബന്ധമായും ഒരു വിഷയമായി പഠിപ്പിച്ചിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ബഹു: കേരള ഹൈക്കോടതിയുടെ 1042/12 നമ്പർ റിട്ട് അപ്പീലിൻമേലുള്ള 14.09.12 -ലെ വിധിന്യായത്തിൽ ഈ വ്യവസ്ഥ റദ്ദാക്കിയിരുന്നു. തൻമൂലം മലയാളം പഠിപ്പിക്കാത്ത സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്ക്കൂളുകളുടെ അംഗീകാരം ഇപ്പോൾ റദ്ദാക്കാൻ കഴിയുകയില്ല. പ്രസ്തുത ബഹു: ഹൈക്കോടതി വിധിക്കെതിരെ ബഹു: സുപ്രീം കോടതിയിൽ സർക്കാർ S.L.P ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം സിലബസിലുൾപ്പെടുത്തി പഠിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ ?

(ഡി) കേന്ദ്രീയ വിദ്യാലയങ്ങളിലെ പാഠ്യപദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി ആകയാൽ ബാധകമല്ല.

സെക്ഷൻ ഓഫീസർ